ഉത്തരം

(എ) വിശദ വിവരം ചുവടെ ചേർക്കുന്നു:

സാമ്പത്തിക വർഷം	അടിസ്ഥാന സൗകര്യ വികസനത്തിന് ഭരണാനുമതി നൽകിയ പദ്ധതികൾ
2011-12	69
2012-13	95
2013-14	111
2014-15	84
2015-16	132
ആകെ	491

ടി പദ്ധതികളിൽ ഇതുവരെ നിർമ്മാണം ആരംഭിക്കാത്ത പദ്ധതികൾ 37 എണ്ണമാണ്. ഇതിൽ 2 പദ്ധതികൾ CRZ അനുമതി ലഭിക്കാത്തതുകൊണ്ടും ബാക്കിയുള്ളത് മറ്റ് പ്രാദേശിക പ്രശ്നങ്ങളാലുമാണ് ആരംഭിക്കാൻ കഴിയാത്തത്.

(ബി) 2011-12 സാമ്പത്തികവർഷം വകുപ്പിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച 28.37 കോടി രൂപയിൽ 11.65 കോടി രൂപയും 2012-13 സാമ്പത്തിക വർഷം വകുപ്പിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച 38.08 കോടി രൂപയിൽ 3.88 കോടി രൂപയും TSB അക്കൗണ്ടിൽ നിലവിലുണ്ട്.

(സി) ഇല്ല.

(ഡി) പുതുതായി ഭരണാനുമതി ലഭിച്ച 35 പദ്ധതികൾ.

(ഇ) ഇല്ല.

ബേക്കൽ ടൂറിസം വികസനം

321(1022) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ ടൂറിസം വികസനത്തിന്റെ കൂതിച്ചുചാട്ടത്തിനായി പെരിയയിൽ എയർസ്ട്രിപ്പ് ആരംഭിക്കുന്നതിന് കഴിഞ്ഞ സർക്കാർ പ്രാഥമികാനുമതി നൽകിയിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ;

GPM. 2/238/2020-51

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്ര ഏക്കർ റവന്യൂ ഭൂമി, എത്ര ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കണമായിരുന്നു; ഇതിനായി ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിന്റെ പ്രവർത്തനത്തിനായി ഒരു ഓഫീസ് ആരംഭിച്ചിരുന്നാവോ; അത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ബേക്കൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിന് കഴിഞ്ഞ സർക്കാർ പ്രാഥമികാനുമതി നൽകിയിട്ടുണ്ട്. പുല്ലൂർ പെരിയ പഞ്ചായത്തിലെ കനിയംകുണ്ട് എന്ന സ്ഥലത്ത് ഒരു എയർസ്ട്രിപ്പ് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകരിച്ച് ജി.ഒ.(എം.എസ്.) നമ്പർ 50/2011/ടൂറിസം തീയതി, 14-2-2011 പ്രകാരമാണ് സർക്കാർ ഉത്തരവായത്.

(ബി) ഇതിൽ 28.76 ഏക്കർ റവന്യൂ ഭൂമിയും 51.68 ഏക്കർ സ്വകാര്യ ഭൂമിയുമാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ)-നെ സാധ്യതാ പഠനത്തിനായി [ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR)] നവംബർ 2012-ന് നിയോഗിക്കുകയും 2013 ഡിസംബറിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സ്വകാര്യ സ്ഥലമെടുപ്പിന് മാത്രമായി 25 കോടി രൂപ ആവശ്യമായി വരുന്നുണ്ട്.

(സി) പെരിയയിൽ ഒരു പ്രോജക്ട് ഓഫീസ് ആരംഭിച്ചിട്ടുണ്ടായിരുന്നു. 2014 മേയ് 31-ന് പ്രോജക്ട് ഓഫീസ് നിർത്തലാക്കി. ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

കരകൗശല മേള

322(1023) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : രാജ്യത്തെ കാണാനും ഷോപ്പിങ്ങിൽക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.കെ.എസ്.എഫ്. ഒൻപതാം സീസണിൽ ഏതൊക്കെ സ്ഥലങ്ങളിൽ കരകൗശലമേള സംഘടിപ്പിക്കുകയുണ്ടായി ; ഓരോ മേളയിലും എത്ര വീതം സ്റ്റാളുകൾ ഉണ്ടായിരുന്നു; ഇതിലൂടെ ഉൽപാദിപ്പിക്കപ്പെട്ട കരകൗശല വസ്തുക്കളുടെ എത്ര മാത്രം വിറ്റഴിഞ്ഞു നടന്നു; ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള സ്റ്റാളുകൾ എത്ര വീതം ഉണ്ടായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly